കെ.സി ജലീൽ പുളിക്കൽ

# ഏതു മാർഗം?

عَنْ أَبِي هُرَيْرَةَ رضى الله عنه، أَنَّ رَسُولَ اللَّهِ صلى الله عليه وسلم قَالَ : مَنْ دَعَا إِلَى هُدًى كَانَ لَهُ مِنَ الأَجْرِ مِثْلُ أُجُورِ مَنِ اتَّبَعَهُ ، لاَ يَنْقُصُ ذَلِكَ مِنْ أُجُورِهِمْ شَيْئًا. وَمَنْ دَعَا إِلَى ضَلاَلَةٍ فَعَلَيْهِ مِنَ الإِثْمِ مِثْلُ آثَامِ مَنِ اتَّبَعَ لاَ يَنْقُصُ ذَلِكَ مِنْ آثَامِهِمْ شَيْئًا (مسلم ، ترمذى ، أبوداود ، ابن ماجه).

**അബൂഹുറയ്റ(റ)യിൽനിന്ന്. നബി(സ) പറഞ്ഞു: സന്മാർഗസരണിയിലേക്ക് ജനത്തെ ക്ഷണിച്ചവന് അത് പിന്തുടരുന്നവർക്ക് ലഭിക്കുന്നതിന് സമാനമായ പ്രതിഫലം ലഭിക്കും. അതോടൊപ്പം പിൻപറ്റിയവർക്കുള്ള പ്രതിഫലത്തിൽ അത് ഒരു കുറവും വരുത്തുകയുമില്ല. ദുർമാർഗത്തിലേക്ക് ക്ഷണിക്കുന്നവന്റെ സ്ഥിതിയും ഇതു തന്നെ. ക്ഷണം പിൻപറ്റി തെറ്റ് ചെയ്തവരുടെ കുറ്റത്തിന് സമാനമായ കുറ്റം ക്ഷണിച്ചവനുമുണ്ട്. അവരുടെ കുറ്റത്തിന്നൊരു കുറവും അതുണ്ടാക്കുകയുമില്ല.**

സന്മാർഗ സരണിയിലേക്ക് ജനത്തെ ക്ഷണിക്കുന്ന യഥാർഥ പ്രബോധകർക്കുള്ള അളവറ്റ, അനുസ്യൂതം വളർന്നുകൊണ്ടിരിക്കുന്ന വൻ നേട്ടത്തെയാണ് ഈ നബിവചനം വരച്ചുകാട്ടുന്നത്. ഇസ്‌ലാമിക പ്രബോധകനെ പ്രതിഫല നാളിൽ വിസ്മയിപ്പിക്കുന്ന, കണ്ണഞ്ചിപ്പിക്കുന്ന, ആഹ്ലാദഭരിതമാക്കുന്നതിന്റെ ചിത്രം. മനസ്സിൽ ഇത് വായിക്കുമ്പോൾ മറ്റൊരു ചിത്രം തെളിയുന്നു. വിദേശത്ത് ജോലിക്ക് അവസരം ലഭിച്ച ഒരു വ്യക്തി തന്റെ പക്കലുള്ള ചില വസ്തുക്കൾ സുഹൃത്തിന്റെ അടുത്ത് അമാനത്തായി ഏൽപിച്ചു യാത്രയായി. വർഷങ്ങൾ കഴിഞ്ഞ് തിരിച്ചെത്തിയ പ്രവാസി, സുഹൃത്തിന്റെയടുത്ത് ചെന്ന് താൻ ഏൽപിച്ച അമാനത്ത് തിരിച്ചു ചോദിച്ചു. വ്യവസായ സ്ഥാപനങ്ങളും കൃഷിയിടങ്ങളും തോട്ടങ്ങളുമെല്ലാം അടങ്ങുന്ന വൻ ആസ്തി ചൂണ്ടി അതാ നിങ്ങളുടെ സമ്പത്ത് എന്ന് മറുപടി പറഞ്ഞപ്പോൾ, തന്നെ സുഹൃത്ത് പരിഹസിക്കുകയാണെന്ന് കരുതി 'ഞാൻ ഏൽപിച്ചുപോയതാണ് എനിക്ക് വേണ്ടത്, നിങ്ങളുടെ വൻ സമ്പത്ത് ഞാൻ എന്തിന് കാണണം' എന്ന് പ്രവാസി ഗൗരവത്തിൽ മറുപടി പറഞ്ഞു. സുഹൃത്ത് പറഞ്ഞു: 'അതെല്ലാം നിങ്ങളുടെ സ്വത്ത് തന്നെ. താങ്കൾ ഏൽപിച്ച വസ്തുക്കൾ തുരുമ്പെടുത്ത് നശിക്കുമെന്ന് തോന്നിയ ഞാൻ, അത് വിറ്റുകിട്ടിയ സംഖ്യ ബിസിനസ്സിലിറക്കി. ഭൂമിക്കും ഉൽപന്നങ്ങൾക്കും പെട്ടെന്നുണ്ടായ വിലക്കയറ്റവും മറ്റും വഴി താങ്കളുടെ ധനം വളർന്ന് ഇക്കാണുന്ന അവസ്ഥയിലെത്തി. ഇനി താങ്കൾ കുടുംബവും നാടും വിട്ട് അലയേണ്ടതില്ല. ഈ സമ്പാദ്യവുമായി കുടുംബവുമൊത്ത് സ്വസ്ഥമായി കഴിയാം.' ഇത് കേട്ടപ്പോൾ ജോലി നഷ്ട

പ്രവാചകൻ ചിത്രീകരിച്ചപോലെ, സന്മാർഗസരണിയിൽ മുന്നോട്ടു നീങ്ങുന്നവർക്ക് വൻ തീക്കുണ്ഡത്തിന് മുകളിലൂടെ നേർത്ത പാലത്തിൽ കൊക്കകളും കൊളുത്തുകളും വലിക്കുന്നത് തരണം ചെയ്ത് മുന്നോട്ട് നീങ്ങുന്ന അനുഭവമുണ്ടാകും. എന്നാൽ ഈ ഒരൊറ്റ വഴിയേ ശാശ്വത രക്ഷയുള്ളൂ. നേരെമറിച്ച്, മനുഷ്യ നിർമിത ഭൗതിക ദുർമാർഗത്തിലൂടെ ചലിക്കുകയും അതിനുവേണ്ടി ജനങ്ങളെ അണിനിരത്തുകയും ചെയ്തവർക്ക് ശാശ്വത ദുരിതവും അതിഭീകര നരകശിക്ഷയുമാണ് ലഭിക്കുക.

പ്പെട്ട് തിരിച്ചെത്തിയ പ്രവാസിക്കുണ്ടാവുന്ന ആഹ്ലാദം ഒന്നോർത്തു നോക്കൂ. ഇതൊരു ചെറിയ ഉദാഹരണം. വ്യക്തിബന്ധത്തിലൂടെ, സ്ക്വാഡിലൂടെ, അതല്ലെങ്കിൽ ക്ലാസിലൂടെയോ എഴുത്തിലൂടെയോ മറ്റോ സൽപന്ഥാവിലേക്കെത്തിക്കാൻ സാധിച്ച വ്യക്തി, അല്ലെങ്കിൽ വ്യക്തികൾ, ഇവരിലൂടെ തലമുറകൾ കൈമാറി വളർന്നു വികസിച്ച നിരവധി വ്യക്തികൾ, പ്രദേശങ്ങൾ, സ്ഥാപനങ്ങൾ ഇതിന്റെയെല്ലാം പ്രതിഫലം അഥവാ സമ്പാദ്യം വലതുകൈയിൽ കിട്ടിയ പാസ് ബുക്കിൽ അഥവാ പ്രവർത്തന റെക്കാർഡിൽ കാണുമ്പോഴുണ്ടാകുന്ന ആഹ്ലാദം! വിവരണാതീതമാണത്. ഇഹലോകത്തേക്ക് തിരിച്ചെത്തി വീണ്ടും വീണ്ടും പ്രവർത്തന രംഗത്തിറങ്ങാൻ അവസരം കിട്ടിയെങ്കിൽ എന്നാഗ്രഹിച്ചുപോവുക സ്വാഭാവികം. ഇതൊരു ഭാവനയോ സങ്കൽപമോ അല്ല, സംഭവിക്കാൻ പോകുന്ന യാഥാർഥ്യം മാത്രം.

'നീ മുഖേന ഒരു വ്യക്തി സന്മാർഗം പ്രാപിക്കൽ ഈ ദുൻയാവും അതിലെ സകലതും ലഭിക്കുന്നതിനേക്കാൾ നിനക്കുത്തമമാണ്' എന്ന നബിവചനം കൂടി ഇതിനോട് ചേർത്തു വായിക്കുക.

സന്മാർഗത്തിലേക്കുള്ള ക്ഷണം ഇത്ര മഹോന്നതമെങ്കിൽ സന്മാർഗം അതി മഹോന്നതമാകേണ്ടതുണ്ടല്ലോ. സന്മാർഗം തന്നെയാണ് പരമോന്നതവും പരമപ്രധാനവും. അളവറ്റ ദൈവാനുഗ്രഹങ്ങളിൽ സുപ്രധാനവും സന്മാർഗം തന്നെ. സന്മാർഗത്തിന്റെ അഭാവത്തിൽ ദുർമാർഗം ഇഹലോകത്തെ നരകതുല്യമാക്കുകയും പരലോകത്ത് ദുർമാർഗികളെ നരകവാസികളാക്കുകയും ചെയ്യും. ഇതിനേക്കാൾ വലിയ ദുരന്തവും മനുഷ്യനുണ്ടാകാനില്ലല്ലോ.

മനുഷ്യനെ കടിഞ്ഞാണില്ലാതെ വിട്ടാൽ ലോകത്തെ അതിഭീകര ദുരന്തത്തിലെത്തിക്കാൻ അവന് കഴിയും. സന്മാർഗത്തിന് വിധേയമായി മുന്നോട്ടു നീങ്ങിയാൽ ഉത്കൃഷ്ടവും ഉന്നതവുമായ അവസ്ഥയിലേക്ക് ലോകത്തെ നയിക്കാനും മനുഷ്യന് കഴിയും. മനുഷ്യന് സന്മാർഗം നൽകാൻ മനുഷ്യനാകുമോ? ഇല്ലെന്നുറപ്പ്. അൽപജ്ഞനും അശക്തനും സ്വാർഥനുമായ മനുഷ്യനെങ്ങനെ മനുഷ്യന് സന്മാർഗം നൽകാനാകും? ത്രികാലജ്ഞനും സർവജ്ഞനും സൂക്ഷ്മജ്ഞനും സർവശക്തനും നീതിമാനുമായ ദൈവത്തിനു മാത്രമേ അത് കഴിയൂ.

ദിവ്യപ്രകാശമില്ലെങ്കിൽ പ്രകാശമേയില്ല. രക്ഷാമാർഗം ദൈവികമാർഗം മാത്രം. സ്വർഗപ്രാപ്തിക്ക് മറ്റൊരു വഴിയില്ല. മറ്റു മാർഗങ്ങളത്രയും അപകടം നിറഞ്ഞതാണ്. നരകത്തിലേക്ക് നയിക്കുന്നവയും.

അപകടമാർഗങ്ങളിൽനിന്ന് മനുഷ്യനെ രക്ഷിച്ചു സന്മാർഗത്തിലേക്കെത്തിക്കുക, ഇതിൽപരം മനുഷ്യസേവ മറ്റെന്തുണ്ട്!

പ്രബോധകരുടെയും അവരുടെ പ്രബോധന പ്രവർത്തനങ്ങളുടെയും ശ്രേഷ്ഠത വാക്കുകളിലൊതുക്കാൻ കഴിയില്ല. ഖുർആൻ പറയുന്നു: ''അല്ലാഹുവിലേക്ക് ജനങ്ങളെ ക്ഷണിക്കുകയും സൽകർമങ്ങളാചരിക്കുകയും ഞാൻ മുസ്‌ലിംകളിൽ പെട്ടവനാണെന്ന് പ്രഖ്യാപിക്കുകയും ചെയ്തവനേക്കാൾ ശ്രേഷ്ഠമായ പ്രഖ്യാപനം നടത്തിയവനാരുണ്ട്'' (*ഹാമീം അസ്സജദ* 33). ഉത്കൃഷ്ടമായതെന്തും നേടിയെടുക്കാൻ വലിയ കരുത്തും സഹനവും ത്യാഗവും ആവശ്യമാണെന്നും വലിയ സൗഭാഗ്യവാന്മാർക്കേ അത് സാധ്യമാകൂ എന്നും ഖുർആൻ തുടർന്നു പറയുന്നുണ്ട്. പിശാച് എല്ലാ സൂത്രങ്ങളും ഉപയോഗിച്ച് ഈ സരണിയിൽനിന്ന് പിന്തിരിപ്പിക്കാൻ യത്നിക്കുമെന്നും അല്ലാഹുവിന്റെ അഭയവും സഹായവും കൊണ്ടേ പിടിച്ചുനിൽക്കാനാകൂ എന്നും ഖുർആൻ ഉണർത്തുന്നു. ഭൗതികത കടുത്ത സമ്മർദം ചെലുത്തും, കള്ള പ്രചാരണവും അപവാദവും വഴി നിരാശനാക്കാൻ നോക്കും.

പ്രവാചകൻ ചിത്രീകരിച്ചപോലെ, സന്മാർഗസരണിയിൽ മുന്നോട്ടു നീങ്ങുന്നവർക്ക് വൻ തീക്കുണ്ഡത്തിന് മുകളിലൂടെ നേർത്ത പാലത്തിൽ കൊക്കകളും കൊളുത്തുകളും വലിക്കുന്നത് തരണം ചെയ്ത് മുന്നോട്ട് നീങ്ങുന്ന അനുഭവമുണ്ടാകും. എന്നാൽ ഈ ഒരൊറ്റ വഴിയേ ശാശ്വത രക്ഷയുള്ളൂ. നേരെമറിച്ച്, മനുഷ്യ നിർമിത ഭൗതിക ദുർമാർഗത്തിലൂടെ ചലിക്കുകയും അതിനുവേണ്ടി ജനങ്ങളെ അണിനിരത്തുകയും ചെയ്തവർക്ക് ശാശ്വത ദുരിതവും അതിഭീകര നരകശിക്ഷയുമാണ് ലഭിക്കുക.

ആദ്യം പറഞ്ഞത് ഇസ്‌ലാമിക പ്രബോധന രംഗത്ത് വ്യാപൃതനായ മഹാസൗഭാഗ്യവാനെപ്പറ്റി, രണ്ടാമത് പറഞ്ഞത് ദൈവേതര പ്രസ്ഥാനങ്ങൾക്കുവേണ്ടി ജീവിതം തുലച്ച ദൗർഭാഗ്യവാന്മാരെപ്പറ്റി. ഏതു വേണം? നിങ്ങളുടെ ഭാവി നിങ്ങളുടെ പിരടിയിൽ. ഇതാണ് ഈ വചനം മുമ്പിൽ വെക്കുന്നത്.

●